# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 237

12.02.2019-ൽ മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് ജനവാസ കേന്ദ്രങ്ങൾക്ക് സംരക്ഷണം

### ചോദ്യം

ശ്രീ.ജെയിംസ് മാത്യു

ശ്രീ.പി.വി.അൻവർ

ശ്രീ.രാജു എബ്രഹാം

ശ്രീ.സി.കെ.ഹരീന്ദ്രൻ

(എ) സംസ്ഥാനത്ത് കടുവ, ആന എന്നിവ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരികയും ജീവനാശം ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ വന്യമൃഗ ആവാസകേന്ദ്രങ്ങളായ സാങ് ചറികളും പാർക്കുകളും സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാതിരിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

### ഉത്തരം

അഡ്വ.കെ.രാജു

(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് വന്യമൃഗ ആവാസ കേന്ദ്രങ്ങളായ സാങ് ചറികളും പാർക്കുകളും സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാതിരിക്കുന്നതിനും വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിയ്ക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.

2. വനത്തിനു പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള

വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത് ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. വനത്തിനോട് ചേർന്ന് താമസിക്കുന്ന ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ.

(ബി) വിളകൾക്ക് നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് ഉണ്ടായിരുന്ന അനുമതി പിൻവലിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് 2011 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പലപ്പോഴായി കാലാവധി ദീർഘിപ്പിച്ച മേൽ ഉത്തരവിന്റെ കാലാവധി 2016 മാർച്ച് മാസത്തിൽ അവസാനിച്ചു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടി വയ്ക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കാട്ടുപന്നിയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കാൻ പദ്ധതിയുണ്ടോ;

(സി) വന്യജീവി ആക്രമണം രൂക്ഷമായിട്ടുള്ള വയനാട് വന്യജീവി സങ്കേതത്തിൽ അധിവസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ആദ്യഘട്ടത്തിൽ വന്യജീവി സങ്കേതത്തിൽനിന്നും 800 കുടുംബങ്ങളെ 10 ലക്ഷം രൂപ വീതം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം 332 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. 59 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

കൂടാതെ രണ്ടാം ഘട്ട കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വന്യജീവി ആക്രമണം രൂക്ഷമായ മറ്റു പ്രദേശങ്ങളിൽനിന്നും 497 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി 4970 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും, ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.

വന്യജീവി ആക്രമണം അതിരൂക്ഷമായ പ്രദേശങ്ങളിലും വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒറ്റപ്പെട്ട ജനവാസ മേഖലകളിൽ നിന്നും കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നത് ഫലപ്രദമായ ഒരു പരിഹാര മാർഗ്ഗമാണ്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 37 പ്രദേശങ്ങളിൽനിന്നും 1861-ഓളം കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നാട്ടാനകളുടെ പരിപാലനത്തിൽ ഉണ്ടാകുന്ന പോരായ്മകൾ കണക്കിലെടുത്ത് നാട്ടാന പരിപാലനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ഡി) സംസ്ഥാനത്ത് നാട്ടാനകളെ പരിപാലിക്കുന്നത് 2012 ലെ കേരള നാട്ടാന (കാര്യ കർതൃത്വവും പരിപാലനവും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. നിലവിലെ ചട്ടങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും, കാര്യക്ഷമമായ പരിപാലനം നാട്ടാനകൾക്ക് നൽകുന്നുണ്ടെന്ന് പരിശോധിക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് വിവിധ സർക്കുലറുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ